**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1312** **10-10-2024 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര കേന്ദ്രങ്ങളിലെ വൃത്തിയും സുരക്ഷയും ഉറപ്പാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ എത്തുന്ന വിനോദസഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും പ്രസ്തുത സ്ഥലങ്ങൾ വൃത്തിയായി പരിപാലിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (എ) | ജില്ലകളിൽ ഡി ടി പി സി യുടെ കീഴിലുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളെല്ലാം സഞ്ചാരികളുടെ സുരക്ഷ ഉറപ്പക്കുന്നതിനായി സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചാണ് പ്രവർത്തിക്കുന്നത് . പ്രസ്തുത കേന്ദ്രങ്ങളുടെ ശുചിത്വം കുടുംബശ്രീ ജീവനക്കാർ മുഖാന്തരം ഉറപ്പ് വരുത്തുന്നുണ്ട്. കൂടാതെ മാലിന്യമുക്ത കേരളം പരിപാടിയുടെ ഭാഗമായി വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ശുചീകരണ/മാലിന്യ നിർമാർജ്ജന പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | വർക്കലയിൽ ഈ അടുത്തകാലത്തുണ്ടായ ഫ്ലോട്ടിങ് ബ്രിഡ്ജ് അപകടത്തിന്റെ കാരണമെന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | അന്വേഷണ റിപ്പോർട്ട് പരിശോധനയിലാണ്. |
| (സി) | പ്രസ്തുത അപകടത്തിൽപ്പെട്ടവർ ആരെല്ലാമായിരുന്നുവെന്നും ഫ്ലോട്ടിങ് ബ്രിഡ്ജ് കമ്പനി അതിൽ കയറുന്ന വിനോദസഞ്ചാരികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ടോയെന്നും കമ്പനിയോ അല്ലെങ്കിൽ സർക്കാരോ അവർക്ക് എന്തെങ്കിലും ധനസഹായം നൽകിയിരുന്നോയെന്നും ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ; | (സി) | പ്രസ്തുത അപകടത്തിൽപ്പെട്ടവരുടെ വിവരങ്ങൾ വകുപ്പിൽ ലഭ്യമല്ല. അപകടത്തിൽ പരിക്കേറ്റവർക്ക് ആവശ്യമായ ശുശ്രൂഷ നൽകുകയും ആയതിന്റെ ചിലവുകളെല്ലാം പ്രസ്തുത കരാർ ഏജൻസി തന്നെ വഹിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഫ്‌ളോട്ടിങ് ബ്രിഡ്ജിൽ കയറുന്ന വിനോദസഞ്ചാരികൾക്ക് കരാർ കമ്പനി ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. വകുപ്പിൽ നിന്നും അപകടത്തിൽപ്പെട്ടവർക്ക് ധനസഹായം ഒന്നും നൽകിയിട്ടില്ല. |
| (ഡി) | വിനോദസഞ്ചാര കേന്ദ്രങ്ങളിൽ എത്തുന്ന സഞ്ചാരികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | ഡിടിപിസി കളുടെ റിപ്പോർട്ട് പ്രകാരം ഡി ടി പി സി കൾ കരാർ പ്രകാരം നൽകിയിട്ടുള്ള യൂണിറ്റുകളിൽ എത്തുന്ന വിനോദസഞ്ചാരികൾക്ക് സുരക്ഷയും , ഇൻഷ്വറൻസ് പരിരക്ഷയും ഉറപ്പാക്കണമെന്ന് കരാർ ഏറ്റെടുത്ത ഏജൻസിയുമായി കരാർ വ്യവസ്ഥയിൽ നിഷ്കർഷിച്ചിട്ടുണ്ട് . ആയതു പാലിക്കുന്നുണ്ടെന്നു അതാത് ഡിടിപിസി കൾ ഉറപ്പ് വരുത്തുന്നുണ്ട് . |

സെക്ഷൻ ഓഫീസർ